**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2946** **14-02-2024 - ൽ മറുപടിയ്ക്ക്**

**ആറ്റമൺപുറം സെറ്റിൽമെന്റിലെ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും<br>ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര നിയോജക മണ്ഡലത്തിൽ വിതുര ഗ്രാമപഞ്ചായത്തിലെ ആറ്റമൺപുറം സെറ്റിൽമെന്റിലെ പാലം നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ നൽകാമോ; | (എ) | വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ വിതുര ഗ്രാമപഞ്ചായത്ത് മണലി വാർഡിൽ ആറ്റമൺപുറം - കൊങ്ങൻമരുതിൻമൂട് തുടങ്ങി മറ്റ് ഇതര സെറ്റിൽമെന്റുകളിലേയ്ക്കും, ആനപ്പാറ- കല്ലാർ റോഡിൽ ഗാർഡ് സ്റ്റേഷനിൽ നിന്നും എത്തുന്നതിനുമായാണ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 77 ലക്ഷം രൂപയും, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിഹിതമായ 17 ലക്ഷം രൂപയും ഉൾപ്പെടെ 94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2017-18 ൽ ആറ്റമൺപുറം പാലം നിർമ്മാണം ആരംഭിച്ചത്. പാലത്തിന്റെ 80% പണി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെറ്റിൽമെന്റിലേയ്ക്കുള്ള ഭാഗം ഇനിയും പൂർത്തീകരിക്കാനുണ്ട്. പാലം നിർമ്മാണം പൂർത്തീകരിച്ച് റോഡ് പുനരുദ്ധരിച്ചാൽ മാത്രമേ ഗതാഗത യോഗ്യമാവുകയുള്ളു. ആറ്റമൺപുറം പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനും, അപ്രോച്ച് റോഡിനുമായി 1,41,00,000/- രൂപയുടെ പദ്ധതിയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരവും, ടി പദ്ധതി പി.ഡബ്ല്യൂഡി. മുഖേന ചെയ്യുന്നതിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയും ലഭ്യമായിരുന്നു. എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി ക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ലെന്ന് അറിയിച്ചതിനെ തുടർന്ന് നിർവഹണ ഏജൻസിയെ മാറ്റുന്നതിനും എൽ.എസ്.ജി.ഡി മുഖേന പദ്ധതി നടപ്പിലാക്കുന്നതിനും 4/10/2023 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ? | (ബി) | വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ വിതുര ഗ്രാമപഞ്ചായത്ത് മണലി വാർഡിൽ ആറ്റമൺപുറം - |

| | | | |
|---|---|---|---|
| | | | കൊങ്ങൻമരുതിൻമൂട് തുടങ്ങി മറ്റ് ഇതര സെറ്റിൽമെന്റുകളിലേയ്ക്കും, ആനപ്പാറ- കല്ലാർ റോഡിൽ ഗാർഡ് സ്റ്റേഷനിൽ നിന്നും എത്തുന്നതിനുമായാണ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 77 ലക്ഷം രൂപയും, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വിഹിതമായ 17 ലക്ഷം രൂപയും ഉൾപ്പെടെ 94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2017-18 ൽ ആറ്റുമൺപുറം പാലം നിർമ്മാണം ആരംഭിച്ചത്. പാലത്തിന്റെ 80% പണി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ സെറ്റിൽമെന്റിലേയ്ക്കുള്ള ഭാഗം ഇനിയും പൂർത്തീകരിക്കാനുണ്ട്. പാലം നിർമ്മാണം പൂർത്തീകരിച്ച് റോഡ് പുനരുദ്ധരിച്ചാൽ മാത്രമേ ഗതഗത യോഗ്യമാവുകയുള്ളൂ. ആറ്റുമൺപുറം പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിനും, അപ്രോച്ച് റോഡിനുമായി 1,41,00,000/- രൂപയുടെ പദ്ധതിയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരവും, ടി പദ്ധതി പി.ഡബ്ല്യൂഡി. മുഖേന ചെയ്യുന്നതിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയും ലഭ്യമായിരുന്നു. എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി ക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ലെന്ന് അറിയിച്ചതിനെ തുടർന്ന് നിർവഹണ ഏജൻസിയെ മാറ്റുന്നതിനും എൽ.എസ്.ജി.ഡി മുഖേന പദ്ധതി നടപ്പിലാക്കുന്നതിനും 4/10/2023 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ